**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **14-03-2022 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അർഹരായ എല്ലാ കുട്ടികൾക്കും പ്രവേശനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | പത്താം തരം ജയിച്ച വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും സർക്കാർ നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. 2021-22 അധ്യയന വർഷം ആകെ 3,85,406 വിദ്യാർത്ഥികൾ പ്ലസ് വൺ (ഹയർ സെക്കണ്ടറി) പ്രവേശനം നേടുകയുണ്ടായി. എന്നാൽ 2020-21 അധ്യയന വർഷം 3,68,305 വിദ്യാർത്ഥികൾ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിരുന്നത്. ഈ വർഷം 17,101 വിദ്യാർത്ഥികൾ കൂടുതലായി പ്രവേശനം നേടുകയുണ്ടായി. മാർജിനൽ സീറ്റ് വർദ്ധനവിലൂടെ സർക്കാർ സ്കൂളുകളിൽ 30,043 പേരും എയ്ഡഡ് സ്കൂളുകളിൽ 24,291 പേരും ഉൾപ്പെടെ 54,334 പേർക്ക് പ്രവേശനം അനുവദിക്കുകയുണ്ടായിട്ടുണ്ട്. കൂടാതെ അധികമായി അനുവദിച്ച 79 താൽക്കാലിക ബാച്ചുകളിലെ 5105 സീറ്റുകളിൽ 4561 വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ 2022 ജനുവരി 20 ന് പൂർത്തീകരിക്കുകയുണ്ടായി. പ്രവേശന നടപടികൾ പൂർത്തീകരിച്ച ശേഷവും പ്രവേശനം ലഭിക്കാതിരുന്ന പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി 493 വിദ്യാർത്ഥികൾക്ക് അധിക സീറ്റ് സൃഷ്ടിച്ച് പ്രത്യേക ഉത്തരവിലൂടെ പ്ലസ് വൺ പ്രവേശനം ഉറപ്പാക്കിയിട്ടുമുണ്ട്. ഇതു കൂടാതെ ഓൺലൈൻ പ്രവേശനം ലഭിക്കാതിരുന്ന 350ൽ പരം വിദ്യാർത്ഥികൾക്ക് പ്രത്യേക ഉത്തരവിലൂടെയും പ്രവേശനം നല്കിയിട്ടുണ്ട്. അർഹരായ എല്ലാ കുട്ടികൾക്കും വി.എച്ച്.എസ്.ഇ പ്രവേശനം നൽകുന്നതിനായി 3 മെയിൻ അലോട്ട്മെന്റുകളും 3 സപ്ലിമെന്ററി അലോട്ട്മെന്റുകളും 2 ട്രാൻസ്ഫർ |

| | | | |
|---|---|---|---|
| | | | അലോട്ട്മെന്റുകളും 1 സ്പോട്ട് അലോട്ട്മെന്റും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ